**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഉച്ചഭക്ഷണം നൽകിയ വകയിൽ സ്കൂളുകൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ ആകെ എത്ര തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നറിയിക്കുമോ; | (എ) | **ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പാചക ചെലവിനത്തിലെ കുടിശ്ശികയിനത്തിൽ സ്കൂളുകൾക്ക് 2,04,56,750/- (രണ്ട് കോടി നാല് ലക്ഷത്തി അമ്പത്താറായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക തുക അനുവദിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | സ്കൂളുകൾക്ക് 2017 മുതൽ നൽകാനുള്ള കുടിശ്ശിക ഓരോ അധ്യയനവർഷത്തിന്റെയും അടിസ്ഥാനത്തിൽ എത്രയെന്ന് അറിയിക്കാമോ; | (ബി) | 2017-18, 2018-19, 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഈ ഇനത്തിൽ കുടിശ്ശിക യൊന്നും നൽകുവാനില്ല. 2019-20 അദ്ധ്യയന വർഷം കോവിഡ് ലോക്ഡൗണി ന്റെ പശ്ചാത്തലത്തിൽ പാചക ചെലവിനത്തിലുള്ള 36,18,785/- (മുപ്പത്തിആറു ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി എൺപത്തി യഞ്ച് രൂപ മാത്രം) രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (സി) | വർദ്ധിച്ചു വരുന്ന കുടിശ്ശിക മൂലം ഉച്ചഭക്ഷണ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (സി) | 2017-18, 2018-19, 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഈ ഇനത്തിൽ കുടിശ്ശിക യൊന്നും നൽകുവാനില്ല. 2019-20 അദ്ധ്യയന വർഷം കോവിഡ് ലോക്ഡൗണി ന്റെ പശ്ചാത്തലത്തിൽ പാചക ചെലവിന ത്തിലുള്ള 36,18,785/- (മുപ്പത്തിആറു ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി എൺപത്തി യഞ്ച് രൂപ മാത്രം) രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (ഡി) | ഉച്ചഭക്ഷണ പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ എത്ര തുക അനുവദിച്ചു; ചെലവഴിച്ചതെത്ര; നിലവിലെ ബഡ്ജറ്റിൽ എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഉച്ചഭക്ഷണ പദ്ധതിയ്ക്കായി മുൻ സർക്കാരിന്റെ കാലയളവിൽ അനുവദി ച്ചതും ചെലവഴിച്ചതുമായ തുക സംബന്ധി ച്ചുള്ള വിശദവിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. നിലവിലെ ബഡ്ജറ്റിൽ ടി പദ്ധതിയ്ക്കായി 567.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| Year | Amount (Budget Allocation in Lakhs) | Amount (Expenditure in Lakhs) | Percentage of Expenditure |
|---|---|---|---|
| 2016-17 | 55748 | 50013.02 | 89.71 |
| 2017-18 | 65253 | 47885.46 | 73.38 |
| 2018-19 | 60512 | 53652.51 | 88.66 |
| 2019-20 | 53100 | 47000.06 | 88.51 |
| 2020-21 | 52600 | 27924.22 | 53.09 |
| 2021-22 | 52600 | 52044.48 | 98.94 |

Namitha P

**സെക്ഷൻ ഓഫീസർ**